പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 5399 | 01/07/2019 ൽ<br>മറുപടിക്ക് |
|---|---|

**<u>ടി.ടി.പി.എൽ. -ൽ മലിനീകരണ നിവാരണ പ്ലാന്റ്</u>**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) തിരുവനന്തപുരം ടി.ടി.പി.എൽ. -ൽ മലിനീകരണ നിവാരണ പ്ലാന്റ് പ്രവർത്തന സജ്ജമായിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതുവഴി പ്രതിദിനം എത്ര ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും; മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഇതിന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) പ്രതിദിനം 45 ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 18.09.2018-ൽ PCB/HO/TVM/ICO-R/10/2017 നമ്പർ കത്ത് പ്രകാരം പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്. |
| സി) കഴിഞ്ഞ രണ്ടുമാസമായി ഉൽപ്പാദനം ഗണ്യമായി കുറഞ്ഞ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | സി) ഉണ്ട്. 19.06.2019-ൽ ടി.ടി.പി.എൽ-ലെ ഉദ്യോഗസ്ഥരുമായി സർക്കാർ ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. മലിനീകരണ നിവാരണ പ്ലാന്റിലെ ചില യന്ത്രത്തകരാറുകൾ മൂലം മലിനീകരണം നിയന്ത്രണവിധേയമാക്കാൻ ഉല്പാദനം കുറച്ചിരുന്നു. ആ തകരാറുകൾ പരിഹരിച്ച് ഉല്പാദനം സാധാരണ നിലയിൽ പുന:സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ